VII സുപ്രീം കോടതിയെക്കുറിച്ചും ജഡ്ജിമാരെക്കുറിച്ചുമുള്ള പരാമർശങ്ങൾ രേഖയിൽ നിന്നും നീക്കം ചെയ്യുന്നത് സംബന്ധിച്ച്

മി.സ്പീക്കർ : ഓർഡർ, ഓർഡർ.....

ഇന്നലെ നന്ദി പ്രമേയചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഡോക്ടർ നീലലോഹിതദാസൻ നാടാർ നടത്തിയ പ്രസംഗത്തിൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയേയും ജഡ്ജിമാരേയും പറ്റി ചില ആക്ഷേപകരമായ പരാമർശം നടത്തിയിരുന്നതായി കാണുന്നു. ചെയർ അദ്ദേഹത്തിന്റെ പ്രസംഗം പരിശോധിച്ചു, ബഹുമാനപ്പെട്ട സുപ്രീകോടതിയെപ്പറ്റിയും ജഡ്ജിമാരെപ്പറ്റിയും അദ്ദേഹം എടത്തിയ പ്രസ്തുതപരാമർശങ്ങൾ സഭാ രേഖയിൽ നിന്നും നീക്കം ചെയ്യുന്നു. നിയമസഭയിൽ അംഗങ്ങൾക്ക് ചില പ്രത്യേക പരിരക്ഷയുണ്ടെന്നത് യാഥാർത്ഥ്യമാണ്. ആ പരിരക്ഷയുടെ മറവിൽ ലെജിസ്ലേച്ചറും ജുഡീഷ്യറിയും തമ്മിലുള്ള നല്ല ബന്ധം തകർക്കുന്ന തരത്തിലുള്ള ഒരു പരാമർശവും ഒരിക്കലും ഉണ്ടായിക്കൂടായെന്ന് ചെയർ ഓർമ്മിപ്പിക്കുന്നു.

VIII ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)

ശ്രീ. സി. മൊയീൻകുട്ടി : ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗത്തിന്മേലുള്ള നന്ദിപ്രമേയത്തെ ഞാൻ എതിർക്കുകയാണ്. ഗവർണ്ണറുടെ പ്രസംഗവും നമ്മുടെ സർക്കാരിന്റെ കഴിഞ്ഞകാല പ്രവർത്തനവും തമ്മിൽ യാതൊരു ബന്ധവും കാണുന്നില്ലായെന്നതുകൊണ്ടാണ് ഞാൻ എതിർക്കേണ്ടി വന്നിട്ടുള്ളത്. പുതിയ പദ്ധതികളൊന്നും തന്നെ ഗവർണ്ണറുടെ പ്രസംഗത്തിൽ കാണുന്നില്ല, എന്നുമാത്രമല്ല പരിപൂർണ്ണമായും രാഷ്ട്രീയപ്രേരിതമായിട്ടുള്ള നിറം മാത്രമാണ് ഈ പ്രമേയത്തിന്റെ വരികൾക്കിടയിൽ കടന്നുകാണുന്നത്. രൂക്ഷമായ തൊഴിലില്ലായ്മ വർദ്ധിക്കുകയാണ്. തൊഴിലില്ലായ്മക്ക് എതിരായി അപ്പുറത്തുള്ള ആളുകൾ നടത്തിയിട്ടുള്ള ഐതിഹാസികമായിട്ടുള്ള പോരാട്ടങ്ങളൊന്നും ഞാൻ കുറച്ച് കാണുന്നില്ല. പക്ഷേ ഈ നാല് സംവൽസരക്കാലത്തിനിടയിൽ ആ രംഗത്ത് കാതലായിട്ടുള്ള എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടോയെന്ന് ഗൗരവമായി ആ രംഗത്തുള്ള ആളുകൾ ചിന്തിക്കണം. മാത്രമല്ല തൊഴിലില്ലായ്മ അതിരൂക്ഷമായി വളർന്നുകൊണ്ടിരിക്കുകയാണ്. പക്ഷേ ക്രീമിലെയർ പ്രശ്നം വളരെ വിവാദമായി മാറിയിരിക്കുന്ന ഈ സന്ദർഭത്തിൽ വളരെ സുദീർഘമായ പ്രസംഗങ്ങൾ വന്നതുകൊണ്ട് ഞാൻ ആ ഭാഗത്തേക്ക് കടക്കുന്നില്ല. എങ്കിൽതന്നെ തൊഴിൽരംഗത്ത് ഏതെങ്കിലും ഒരു സമുദായത്തിന് അർഹമായ പരിഗണന ലഭിക്കുന്നില്ലായെന്ന് തീർച്ചയായി. ജനസംഖ്യാനുപാതികമായി ആ പരിഗണന ലഭിക്കുമെന്നുള്ള ഉറപ്പ് വരുത്തേണ്ടതുണ്ട്. വിശദീകരിക്കാതെ തന്നെ മതന്യൂനപക്ഷങ്ങളും പിന്നോക്കമേഖലകളും വളരെ ആശങ്കാകുലരായിട്ടാണ് ഈ പ്രശ്നത്തെ നോക്കിക്കാണുന്നത് എന്ന് ചൂണ്ടിക്കാണിക്കുകയാണ്. അതുപോലെ സംസ്ഥാനത്തിന്റെ ക്രമസമാധാനനില ശാന്തമാണെന്ന് ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗത്തിൽ ചൂണ്ടിക്കാണിച്ചിരിക്കുകയാണ്. പക്ഷേ രാഷ്ട്രീയ സംഘടനങ്ങൾ വർദ്ധിക്കുന്നതായി ഗവൺമെന്റിന്

LIBRARY ARCHIVES Kerala Legislative Assembly